DESPATCHED
On..6/3/23



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **CP 640(1)/2022/SIC & AP No.2033(1)/2022/SIC**
തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File Nos.15408/SIC-Gen4/2022 & 17768/SIC-G4/2022**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്.)**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 മാർച്ച് 4

ശ്രീ. വിബിൻ ലൂക്കോസ്,
മോളി ഭവൻ,
മങ്ങാട് പി.ഒ., കൊല്ലം - 691 015.
} സി.പി. 640(1)/2022/എസ്.ഐ.സി-യിലെ പരാതി ഹർജിക്കാരൻ

ശ്രീ. നിഷാന്ത് എ.കെ.,
ആഞ്ജനേയം,
കൊറ്റങ്കര, ചന്ദനത്തോപ്പ് പി.ഒ.,
കൊല്ലം.14.
} എ.പി. 2033(1)/2022/ എസ്.ഐ.സി-യിലെ അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   റീസർവ്വെ സൂപ്രണ്ട്,
   റീസർവ്വെ സൂപ്രണ്ട് ഓഫീസ്,
   തൃപ്പൂണിത്തുറ, എറണാകുളം.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് ഡയറക്ടർ,
   അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് (റീസർവ്വെ),
   തൃക്കാക്കര, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.7.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.8.2022 |
| അപ്പീൽ സമർപ്പിച്ച തീയതി | 22.8.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.9.2022 14.10.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 8.10.2022, 21.11.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 10.10.2022, 25.11.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.10.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.10.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 1.3.2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>അപ്പീൽ ഹർജിക്കാരൻ<br><br><br>എസ്.പി.ഐ.ഒ & എ.എ. | ഹാജരായി<br>അപ്പീൽ ഹർജിക്കാരനു വേണ്ടി അഡ്വ: വി.കെ. ജയിൻ ഹാജരായി.<br>ഹാജരായി. |

# ഉത്തരവ്

ശ്രീ. വിബിൻ ലൂക്കോസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ശ്രീ. നിഷാന്ത് എ.കെ. എന്ന വ്യക്തി ഹർജിക്കാരന്റെ സർവ്വീസ് വിവരങ്ങളും മറ്റും ആവശ്യപ്പെട്ട് വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ഒന്നാം എതിർകക്ഷി സർവ്വീസ് വിവരങ്ങൾ ഒഴികെയുള്ള വിവരങ്ങൾ നൽകാൻ ഉത്തരവായി എന്നും ഇതിനെത്തുടർന്ന് ടിയാൻ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ സമർപ്പിക്കുകയുണ്ടായി എന്നും ടി അപ്പീലിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ സർവ്വീസ് വിവരങ്ങൾ നൽകാൻ നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും പ്രസ്തുത ഉത്തരവിന്മേൽ കമ്മീഷൻ ഇടപെട്ട് വിവരാവകാശ നിയമ പ്രകാരം സർവ്വീസ് വിവരങ്ങളും വ്യക്തിഗത വിവരങ്ങളും നൽകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. അപ്പീൽ ഹർജിക്കാരനായ ശ്രീ. നിഷാന്ത് എ.കെ. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) ശ്രീ. വിബിൻ ലൂക്കോസ്, മോളി ഭവനം, മങ്ങാട് പി.ഒ., കൊല്ലം-15 എന്ന വ്യക്തി ഇടുക്കി ജില്ലയിൽ സർവ്വെ വിഭാഗത്തിൽ ഏത് ഓഫീസിൽ ഉദ്യോഗസ്ഥനാണെന്നും

2) ടി ഉദ്യോഗസ്ഥൻ എറണാകുളം ജില്ലയിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിലാണോ ഇടുക്കിയിൽ ജോലി ചെയ്യുന്നത് എന്നും ആണെങ്കിൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം നൽകണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. മേൽപ്പടി അപേക്ഷയ്ക്ക് 10.8.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒഴികെ മറ്റുള്ള വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നാണ് എസ്.പി.ഐ.ഒ മറുപടി നൽകിയത്. പിന്നീട് ശ്രീ. നിഷാന്ത് അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കുകയും, ആയതിന്റെ ഭാഗമായി അപ്പീൽ അധികാരി ശ്രീ. നിഷാന്തിനേയും ശ്രീ. വിബിൻ ലൂക്കോസിനേയും നേരിൽ കേൾക്കുകയും ശ്രീ. വിബിൻ ലൂക്കോസിന്റെ സേവന വിവരങ്ങൾ നൽകുന്നത് ടിയാന്റെ ജീവനും സ്വത്തിനും, ശാരീരിക സുരക്ഷിതത്വത്തിനും ഭീഷണിയായി തീരുവാൻ സാധ്യതയുണ്ടെന്ന് രേഖാമൂലം തെളിവ് സഹിതം ടിയാൻ അറിയിച്ചതായും പൊതു വിവരാവകാശ ഓഫീസർ & റീസർവ്വെ സൂപ്രണ്ട്, തൃപ്പൂണിത്തുറ വിവരാവകാശ നിയമം 2005 ലെ 8(1)(ജെ) പ്രകാരം അപേക്ഷകന് നൽകിയ 10.8.2022-ലെ ഡി2-813/2022 നമ്പർ കത്ത് പ്രകാരമുള്ള മറുപടിയിൽ അപേക്ഷയിലെ 3 മുതൽ 11 വരെയുള്ളവയുടെ മറുപടി നൽകുവാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു എന്നും എന്നാൽ സേവന പുസ്തകത്തിലെ ജീവനക്കാരന്റെ സ്വകാര്യതയെ ബാധിക്കാത്ത വിവരങ്ങൾ നൽകാവുന്നതാണ് എന്നു കാണുന്നു എന്നും അതായത് അപേക്ഷയിലെ 3 മുതൽ 7 വരെയുള്ള വിവരങ്ങൾ നൽകാവുന്നതാണെന്നും അപേക്ഷയിലെ 8 മുതൽ 11 വരെയുള്ള വിവരങ്ങൾ സ്വകാര്യതയെ ബാധിക്കുന്ന എന്നു കാണുന്നതിനാൽ വിവരാവകാശ നിയമം 2005-ലെ 8(1)(ജെ) പ്രകാരം നൽകുവാൻ സാധിക്കുകയില്ലെന്നും 24.9.2022-ൽ ഉത്തരവായി.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 13.7.2022-ന് സമർപ്പിച്ച കത്തിൽ പരാതി ഹർജിക്കാരനും മൂന്നാംകക്ഷിയുമായ ശ്രീ. വിബിൻ ലൂക്കോസ് അപേക്ഷിച്ചത്, ടിയാൻ എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇടുക്കി ജില്ലയിലെ ബഥേൽ സർവ്വെ സൂപ്രണ്ട് ഓഫീസിൽ ഹെഡ് സർവ്വെയറായി ജോലി നോക്കുന്ന വ്യക്തിയാണെന്നും കൊല്ലം ജില്ലയിലെ കൊറ്റംകര ആഞ്ജനേയത്തിൽ നിഷാന്ത് എ.കെ. എന്ന വ്യക്തി ശ്രീ. വിബിൻ ലൂക്കോസിന്റെ സർവ്വീസ് സംബന്ധിച്ച വിവരങ്ങളും മറ്റു വ്യക്തിപരമായ വിവരങ്ങളും വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഇടുക്കി സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് നൽകിയിട്ടുണ്ടെന്നും ആയത് ടിയാന്റെ ലാവണ ഓഫീസായ തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിലേക്ക് അയച്ചു നൽകുമെന്ന് അറിയിക്കുകയുണ്ടായി എന്നും ഹർജിക്കാരനും ശ്രീ. നിഷാന്ത് എ.കെ.യും തമ്മിൽ മുൻ വൈരാഗ്യമുള്ളതും പരാതി ഹർജിക്കാരനെ നിരവധി കള്ളകേസുകളിൽ പെടുത്തിയിട്ടുള്ളതും വ്യാജ പരാതി നൽകി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യിപ്പിച്ച ആളാണെന്നും ആയതിനാൽ ശ്രീ. നിഷാന്തിന്, ഹർജിക്കാരന്റെ സർവ്വീസ് വിവരങ്ങളും വ്യക്തിപരമായ വിവരങ്ങളും നൽകുന്നതുമൂലം ടിയാനും കുടുംബത്തിനും ജീവനും സ്വത്തിനും ശാരീരിക സുരക്ഷിതത്വത്തിനും അപകടകരമായി തീരാൻ സാധ്യതയുണ്ടെന്നും ആയതിനാൽ വിവരാവകാശ നിയമം അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. തുടർന്ന് ശ്രീ. വിബിൻ ലൂക്കോസ് 13.9.2022-ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇതേ കാര്യങ്ങൾ തന്നെ ഉന്നയിക്കുകയും ടിയാനെ നേരിൽ കേൾക്കണമെന്ന് അപ്പീൽ അധികാരിയോട് അപേക്ഷിക്കുകയും ചെയ്തു. ടി അപേക്ഷ കൂടി പരിഗണിച്ചാണ് അപ്പീൽ അധികാരി 24.9.2022-ൽ അപ്പീലിൽ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നത്.

4. കമ്മീഷൻ മുമ്പാകെ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, തൃക്കാക്കര അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന് കീഴിലുള്ള തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിലെ ഹെഡ് സർവ്വെയറും ഇപ്പോൾ ജോലിക്രമീകരണ വ്യവസ്ഥയിൽ ഇടുക്കി ജില്ലയിൽ ജോലി ചെയ്തുവരുന്നതുമായ ശ്രീ. വിബിൻ ലൂക്കോസിന്റെ സർവ്വീസ് വിവരങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് ശ്രീ. നിഷാന്ത് എ.കെ. 4.7.2022-ന് ഇടുക്കി സർവ്വെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും ടിയാന്റെ ലാവണം തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസ് ആകയാൽ ആ കാര്യാലയത്തിൽ നിന്നും അപേക്ഷകന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിലേക്ക് കൈമാറിയിരുന്നു എന്നും എന്നാൽ 10.8.2022-ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് അപ്പീൽ അധികാരിയായ അസിസ്റ്റന്റ് ഡയറക്ടർക്ക് 22.8.22022-ന് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നുമാണ്. മേൽ വിഷയത്തിൽ വിശദ വിവരങ്ങൾ അറിയുന്നതിന് തൃപ്പൂണിത്തുറ റീസർവ്വെ സൂപ്രണ്ട് ഓഫീസിൽ നിന്നും ഡി2-813/2022 നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കി പരിശോധിക്കുകയും ശ്രീ. നിഷാന്ത് എ.കെ.യും ശ്രീ. വിബിൻ ലൂക്കോസിനേയും നേരിൽ കേൾക്കുകയും ചെയ്തു എന്നും ശ്രീ. വിബിൻ ലൂക്കോസിന്റെ സേവന വിവരങ്ങൾ നൽകുന്നത് ടിയാന്റെ ജീവനും സ്വത്തിനും ശാരീരിക സുരക്ഷിതത്വത്തിനും ഭീഷണിയായി തീരുവാൻ സാധ്യതയുണ്ടെന്ന് രേഖാമൂലം 13.7.2022-ന് പൊതു വിവരാവകാശ ഓഫീസർ & സർവ്വെ സൂപ്രണ്ട് തൃപ്പൂണിത്തുറയേയും 13.9.2022, 26.9.2022, 8.10.2022 എന്നീ

തീയതികളിൽ അസിസ്റ്റന്റ് ഡയറക്ടർ ആന്റ് അപ്പീൽ അധികാരി, റീസർവ്വെ തൃക്കാക്കരയേയും അറിയിച്ചിരുന്നു എന്നും ശ്രീ. വിബിൻ ലൂക്കോസ് തന്റെ സേവന വിവരങ്ങൾ നൽകുന്നത് ജീവനും സ്വത്തിനും ശാരീരിക സുരക്ഷിതത്വത്തിനും ഭീഷണിയായി തീരുവാൻ സാധ്യതയുണ്ടെന്ന് രേഖാമൂലം അപേക്ഷ സമർപ്പിച്ചിരുന്നു എന്നും കൂടാതെ ഇ–മെയിൽ മുഖാന്തിരവും തപാൽ മുഖാന്തിരവും ടിയാന്റെ ജീവന് ഭീഷണിയുണ്ടെന്ന് അറിയിച്ച സാഹചര്യത്തിൽ, ടി കാര്യാലയത്തിൽ നിന്നും അപേക്ഷകന് വിവരങ്ങൾ നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച 24.9.2022–ലെ അപ്പീൽ നടപടി ക്രമം കമ്മീഷന്റെ ഉത്തരവ് ഉണ്ടാകുന്നതുവരെ തത്ക്കാലത്തേക്ക് നിറുത്തിവെയ്ക്കുവാൻ അറിയിച്ചുകൊണ്ട് അപ്പീൽ അധികാരി 14.10.2022–ന് എസ്.പി.ഐ.ഒ & റീസർവ്വെ സൂപ്രണ്ട്, തൃപ്പുണിത്തുറയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും, പരിശോധിക്കുകയും എതിർകക്ഷികളേയും പരാതി ഹർജിക്കാരനായ ശ്രീ. വിബിൻ ലൂക്കോസിനേയും അപ്പീൽ ഹർജിക്കാരനുവേണ്ടി ഹാജരായ അഡ്വ: വി.കെ. ജയ്നിനേയും വീഡിയോ കോൺഫറൻസ് വഴി കമ്മീഷൻ കേൾക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരനായ ശ്രീ. നിഷാന്തിന് ശ്രീ. വിബിൻ ലൂക്കോസിനോട് കടുത്ത വ്യക്തി വൈരാഗ്യവും ടിയാന്റെ സർവ്വീസിനെ ഗുരുതരമായി ബാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളും പലപ്പോഴും ടിയാനോട് ഉണ്ടായിരുന്നു വെന്നും പരാതി ഹർജിക്കാരനായ ശ്രീ. വിബിൻ ലൂക്കോസ് കമ്മീഷൻ മുമ്പാകെ ആവർത്തിക്കുകയുണ്ടായി. ഈ വ്യക്തി വിരോധത്തിന്റെ ഭാഗമായി ടിയാനെതിരെ ശ്രീ. നിഷാന്ത് നിരവധി തവണ പോലീസ് കേസ് കൊടുക്കുകയും ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുമുണ്ടായി എന്നും പിന്നീട് സർവ്വീസിൽ തിരിച്ചു എടുക്കുകയും ചെയ്തു എന്നും അതിനാൽ ടിയാനെതിരെയുള്ള സർവ്വീസ് വിവരങ്ങൾ നൽകിയാൽ ശ്രീ. നിഷാന്ത് അത് ദുരുപയോഗം ചെയ്യുമെന്ന കടുത്ത ഭീതിയുണ്ടെന്നാണ് പരാതി ഹർജിക്കാരൻ കമ്മീഷന് മുമ്പാകെ അറിയിച്ചത്.

6. ശ്രീ. വിബിൻ ലൂക്കോസ് സമർപ്പിച്ച പരാതി ഹർജിയോടൊപ്പം പരിഗണിച്ച ശ്രീ. നിഷാന്തിന്റെ അപ്പീൽ ഹർജിയിന്മേൽ ശ്രീ. നിഷാന്തിനുവേണ്ടി പങ്കെടുത്ത അഡ്വ: ജയിൻ, ശ്രീ. നിഷാന്ത് ആവശ്യപ്പെട്ട ശ്രീ. വിബിൻ ലൂക്കോസിന്റെ സർവ്വീസ് കാര്യങ്ങൾ പൊതു രേഖയാണെന്നും അത് പൊതു താത്പര്യം ഉള്ളതാണെന്നും ആയതിനാൽ അത് നൽകണമെന്നും കമ്മീഷന് മുമ്പാകെ വാദിക്കുകയുണ്ടായി.

7 പരാതിക്കാരായ ശ്രീ. വിബിൻ ലൂക്കോസിനേയും ശ്രീ. നിഷാന്തിനു വേണ്ടി ഹാജരായ അഡ്വ: ജയിനിനേയും കേട്ട വേളയിൽ അവർ ഉന്നയിച്ച വാദമുഖങ്ങൾ പരിശോധിച്ചതിൽ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ പൊതു താത്പര്യം എന്നതിലുപരി പരാതിക്കാർ തമ്മിലുള്ള വ്യക്തി വൈരാഗ്യം തീർക്കുന്നതിനാണ് ടിയാൻമാർ വിവരാവകാശ നിയമം ഉപയോഗിച്ചതെന്ന് വ്യക്തമായി കമ്മീഷന് ബോധ്യപ്പെട്ടിട്ടുണ്ട്.

8. വ്യക്തിഗത വിവരം സംബന്ധിച്ച് ബഹു. സുപ്രീം കോടതി Gireesh Ramachandra Deshpande Vs. Central information Commissioner & Others എന്ന കേസിൽ 03.10.2012–ൽ താഴെപ്പറയും പ്രകാരം വിധി പ്രസ്താവിക്കുകയുണ്ടായി. .

*" 13. We are in agreement with the CIC and the Courts below that the details called for by the petitioner i.e. copies of all memos issued to the third respondent, show cause notices and orders of censure/punishment etc. are qualified to be personal information as defined in clause (j) of section 8(1) of the RTI Act. The performance of an employee/officer in an organization is primarily a matter between the employee and the employer and normally those aspects are governed by the service rules which fall under the expression personal information, the disclosure of which has no relationship to any public activity or public interest. On the other hand, the disclosure of which would cause unwarranted invasion of privacy of that individual. Of course, in a given case, if the Central Public Information officer or the State public Information officer of the Appellate Authority is satisfied that the larger public interest justifies the disclosure of such information, appropriate orders could be passed but the petitioner cannot claim those details as a matter of right.*

*14. The details disclosed by a person in his income tax returns are personal information which stand exempted from disclosure under clause (j) of Section 8(1) of the RTI Act, unless involves a larger public interest and the Central Public Information Officer or the State Public Information Officer or the Appellate Authority is satisfied that the larger public interest justifies the disclosure of such information.*

*15. The petitioner in the instant case has not made a bona fide public interest in seeking information, the disclosure of such information would cause unwarranted invasion of privacy of the individual under section 8(1) (j) of the RTI Act".*

*കൂടാതെ ബഹു. സുപ്രീം കോടതി Canara Bank Vs. C.S. Shyam എന്ന കേസിലെ 31.08.2017 ലെ വിധിയിൽ കാനറാബാങ്കിലെ എല്ലാ ശാഖകളിലേയും മുഴുവൻ clerical staff ന്റെയും 01.01.2002 മുതൽ 31.07.2006 വരെയുള്ള transfer & postings സംബന്ധിച്ച വിവരം വ്യക്തിഗത വിവരമായതിനാലും പൊതുതാത്പര്യമില്ലാത്തതിനാലും വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം നൽകേണ്ടതില്ലെന്ന് ഉത്തരവായിട്ടുള്ളതാണ്.*

*ബഹു. പഞ്ചാബ് & ഹരിയാന ഹൈക്കോടതി LPA 145/2020 നമ്പർ കേസിലെ 25.02.023 ലെ വിധിയിൽ വ്യക്തിഗതവിവരം സംബന്ധിച്ച് താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.*

*"In our opinion, the only information with regard to the date of appointment of the appellant can be supplied under the RTI Act, 2005. However, the information with regard to her place of posting, period of deputation, working hours, place of headquarter during deputation between 01.07.2014 to 31.12.2014, any type of leave availed during the period 01.07.2014 to 31.12.2014 along with permission to leave the headquarter, copy of her attendance register and movement register from 01.07.2014 to 31.12.2014, is relating to the information personal to her. This information is between the appellant and her employer and this would be subject to service rules and cannot be sought by respondent No.5 under the RTI Act, 2005. Even, copy of Form-16 and PAN card of the appellant cannot be given to respondent No.5 as such information is also personal to her and cannot be claimed by respondent No.5 under the RTI Act, 2005".*

9. ശ്രീ നിഷാന്ത് എ.കെ. സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 11 ഇനങ്ങളിൽ 1–ാം ഇനത്തിന് മറുപടി നൽകിയതായി കാണുന്നു. 3, 4 ഇനങ്ങൾ വ്യക്തിഗത വിവരം എന്ന ഇനത്തിൽ വരുന്നതല്ല. ആയതിനാൽ പ്രസ്തുത വിവരം വെളിപ്പെടുത്താവുന്നതാണ്. 2, 5 മുതൽ 11 വരെയുള്ള ഇനങ്ങളിൽ പൊതു താത്പര്യമുള്ളതായി കമ്മീഷൻ കാണുന്നില്ല. പൊതു താത്പര്യമില്ലാതെ വിവരങ്ങൾ നൽകേണ്ടതില്ലെന്ന് ബഹു. കോടതിയുടെ മേൽപ്പറഞ്ഞ വിധി ന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് നൽകേണ്ടതില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

10. മേൽ പ്രസ്താവിച്ച പ്രകാരം ഈ ഹർജികൾ തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 4–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk